പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2846 — 20.07.2011 ൽ മറുപടിക്ക്

## കെ.എസ്.എഫ്.ഡി.സി.യിലെ അസിസ്റ്റന്റ് മെയിന്റനൻസ് എഞ്ചിനീയർ തസ്തികയിലെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. വാഹിദ്: | ശ്രീ. കെ.ബി. ഗണേഷ് കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി.) |
| (എ) കെ.എസ്.എഫ്.ഡി.സി.യിലെ അസിസ്റ്റന്റ് മെയിന്റനൻസ് എൻജിനീയർ എക്വിപ്മെന്റ്സ് തസ്തികയിലേക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത കൾ എന്തൊക്കെയാണ് ; ഹൈക്കോടതി നിയമവിരുദ്ധമാണെന്നും, പി.എസ്.സി. പിരിച്ചുവിടണമെന്നും നിർദ്ദേശിച്ച ആളിനെ ഈ തസ്തികയിൽ നിയമിച്ചവർക്കെതിരെ ശിക്ഷാ നടപടികൾ കൈക്കൊള്ളുമോ ; | (എ) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ റിക്രൂട്ട്മെന്റ് റൂൾസ് പ്രകാരം അസിസ്റ്റന്റ് മെയിന്റനൻസ് എഞ്ചിനീയർ (എക്വിപ്മെന്റ്സ്) തസ്തികയ്ക്ക് വേണ്ട യോഗ്യത താഴെ പറയും പ്രകാരമാണ്.<br>(എ) മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ബിരുദം.<br>(ബി) ചലച്ചിത്ര സ്റ്റുഡിയോയിൽ മെയിന്റനൻസ്/ഫാബ്രീക്കേഷൻ എക്വിപ്മെന്റ്സിൽ രണ്ടു വർഷത്തെ മുൻ പരിചയവും, ചലച്ചിത്ര എക്വിപ്മെന്റ്സിൽ വൈദഗ്ദ്ധ്യവും.<br><br>മേൽപറഞ്ഞ ബിരുദ യോഗ്യതയുടെ അഭാവത്തിൽ<br>(എ) മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ഡിപ്ളോമ<br>(ബി) ചലച്ചിത്ര സ്റ്റുഡിയോയിൽ മെയിന്റനൻസ്/ഫാബ്രീക്കേഷൻ എക്വിപ്മെന്റ്സിൽ ആറു വർഷത്തെ മുൻ പരിചയവും, ചലച്ചിത്ര എക്വിപ്മെന്റ്സിൽ വൈദഗ്ദ്ധ്യവും.<br><br>31.5.2010 ൽ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത സീനിയർ മെക്കാനിക്കായ ശ്രീ. എസ്. ശശിധരന്റെ അപേക്ഷ പരിഗണിച്ച് 19.10.2009 ലെ കെ.എസ്.എഫ്.ഡി.സി. ഡയറക്ടർ ബോർഡ് തീരുമാനപ്രകാരമാണ് ടിയാളെ അസിസ്റ്റന്റ് മെയിന്റനൻസ് എഞ്ചിനീയർ (എക്വിപ്മെന്റ്സ്) ആയി നിയമിച്ചത്. |
| (ബി) ഐ.ടി.ഐ. മാത്രം വിദ്യാഭ്യാസ യോഗ്യതയുള്ള എസ്. ശശിധരനെ അസിസ്റ്റന്റ് മെയിന്റനൻസ് എൻജീനയറായി നിയമിക്കാനിടയായ പ്രത്യേക സാഹചര്യം എന്താണ് ; പി.എസ്.സി.യ്ക്ക് നിയമനത്തിന് വിട്ട ഈ പോസ്റ്റിൽ പി.എസ്.സി. അറിയാതെ നിയമനം നടത്തിയതെന്തു കൊണ്ടാണെന്ന് വിശദമാക്കാമോ ? | (ബി) 28 വർഷം സർവ്വീസുള്ള ശ്രീ. എസ്. ശശിധരന്റെ മെക്കാനിക്ക് തസ്തികകളിൽ ഉള്ള ദീർഘനാളത്തെ അനുഭവം പരിഗണിച്ച് ഒരു പ്രത്യേക കേസ് എന്ന നിലയിലാണ് ടിയാൾക്ക് 19.10.2009 ൽ കൂടിയ ബോർഡ് തീരുമാന പ്രകാരം പ്രൊമോഷൻ വ്യവസ്ഥയിൽ നിയമനം നൽകിയത്. |

സെക്ഷൻ ഓഫീസർ